**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6338</u>** **<u>10-11-2021 - ൽ മറുപടിയ്ക്ക്</u>**

**<u>ഡി.ടി.പി.സി. സെക്രട്ടറിമാരുടെ നിയമനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ്** | | **Shri P. A. Mohamed Riyas (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഡി.ടി.പി.സി. സെക്രട്ടറിമാരുടെ നിയമനത്തിന് പുതിയതായി ഏർപ്പെടുത്തിയ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഡി. ടി. പി. സി. സെക്രട്ടറിമാരുടെ നിയമന വ്യവസ്ഥകൾ പരിഷ്കരിച്ച, 18.08.2021ലെ സ. ഉ. (കൈ) 15/2021/ടൂറിസം, 22.09.2021ലെ സ. ഉ. (കൈ) 16/2021/ടൂറിസം നമ്പർ സർക്കാർ ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ ഡി.ടി.പി.സി. സെക്രട്ടറിമാരെ നിയമിക്കുന്ന രീതി മാറ്റിയിട്ടുണ്ടെങ്കിൽ അതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയുടെ വികസനത്തിൽ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സെക്രട്ടറിമാരുടെ വലിയ ഉത്തരവാദിത്തം മുന്നിൽ കണ്ടും ഭാവിയിൽ വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഫലപ്രദമായി ക്രോഡീകരിക്കുന്നതിനും, ഈ മേഖലയിൽ പഠന മികവും പ്രവർത്തന പരിചയവുമുള്ള പ്രൊഫഷണലുകളെ ഡി. ടി. പി. സി. സെക്രട്ടറിമാരായി നിയോഗിക്കുന്നതിനായി നിലവിലെ നിയമന വ്യവസ്ഥയിൽ മാറ്റം വരുത്തിയപ്പോൾ ടി തസ്തികയിലെ നിയമന രീതി കരാർ വ്യവസ്ഥയിലാക്കുന്നതാണ് അഭികാമ്യമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്ന രീതിക്ക് മാറ്റം വരുത്തിയത്. |
| (സി) | സാമ്പത്തിക വിനിയോഗ അധികാരമുള്ള ഡി.ടി.പി.സി. സെക്രട്ടറിമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നത് ആശാസ്യമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | വ്യക്തവും വിശദവുമായ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് ഡി. ടി. പി. സി. സെക്രട്ടറി സ്ഥാനത്തേക്കു കരാർ അടിസ്ഥാനത്തിലുള്ള നിയമനത്തിനു നടപടി ആരംഭിച്ചിരിക്കുന്നത്. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ബോണ്ട് ഏർപ്പെടുത്താനും ആവശ്യമായ പരിശീലനം നൽകാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**File No.TOUR-A4/72/2021-TOUR**

അനുബന്ധം

"ഭരണഭാഷ - മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വിനോദ സഞ്ചാര വകുപ്പ് - ജീവനക്കാര്യം - ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ (ഡി. ടി. പി. സി.) സെക്രട്ടറിമാരുടെ നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, തിരഞ്ഞെടുപ്പ് രീതി, നിയമന നടപടിക്രമം, വേതനം തുടങ്ങിയ സമഗ്രമായി പരിഷ്കരിച്ച് ഉത്തരവാകുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(കൈ) നം.15/2021/ടൂറിസം തീയതി, തിരുവനന്തപുരം, 18/08/2021

---

പരാമർശം:
1. 28.07.1988ലെ സ. ഉ. (അ) 254/1988/പൊ ഭ വ നമ്പർ സർക്കാർ ഉത്തരവ്
2. 02.08.1999ലെ സ. ഉ. (കൈ) 498/1999/പൊ ഭ വ നമ്പർ സർക്കാർ ഉത്തരവ്
3. 03.01.2005ലെ സ. ഉ. (കൈ) 5/2005/പൊ ഭ വ നമ്പർ സർക്കാർ ഉത്തരവ്
4. 26.12.2016ലെ സ. ഉ. (സാധാ.) 461/2016/ടൂറിസം നമ്പർ സർക്കാർ ഉത്തരവ്
5. 18.02.2017ലെ സ. ഉ. (സാധാ.) 91/2017/ടൂറിസം നമ്പർ സർക്കാർ ഉത്തരവ്
6. 11.09.2018ലെ സ. ഉ. (സാധാ.) 417/2018/ടൂറിസം നമ്പർ സർക്കാർ ഉത്തരവ്
7. 17.01.2019ലെ സ. ഉ. (സാധാ.) 22/2019/ടൂറിസം നമ്പർ സർക്കാർ ഉത്തരവ്
8. 21.02.2019ലെ സ. ഉ. (സാധാ.) 76/2019/ടൂറിസം നമ്പർ സർക്കാർ ഉത്തരവ്
9. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 19.07.2021ലെ ഇ3 - 7824/2021 നമ്പർ കത്ത്

<u>ഉത്തരവ്</u>

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ 14 ജില്ലകളിലും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ രൂപീകൃതമായി. പിന്നീട് പരാമർശം മൂന്നിലെ ഉത്തരവ് പ്രകാരം ഡി. ടി. പി. സികളുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കുകയും ചെയ്തു.

ഡി. ടി. പി. സികളിലെ സെക്രട്ടറിമാരുടെ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, നിയമന രീതി തുടങ്ങിയവയെല്ലാം പരാമർശം നാലിലെ ഉത്തരവ് പ്രകാരം പരിഷ്കരിച്ചിരുന്നു. തുടർന്ന് പരാമർശം ആറിലെയും ഏഴിലെയും എട്ടിലെയും ഉത്തരവുകളിലൂടെ നിയമന നടപടിക്രമങ്ങളിൽ വിവിധ പരിഷ്കാരങ്ങളും വരുത്തി. പരാമർശം അഞ്ചിലെ ഉത്തരവ് പ്രകാരം കരാർ വ്യവസ്ഥയിൽ നിയമിതരാവുന്ന ഡി. ടി. പി. സി. സെക്രട്ടറിമാരുടെ പ്രതിമാസ വേതനം 50,000/- രൂപ(അൻപതിനായിരം രൂപ മാത്രം) ആയി നിശ്ചയിച്ചിരുന്നു.

സംസ്ഥാനത്തിന്റെ വിനോദ സഞ്ചാര മേഖലയുടെ വികസനത്തിൽ വലിയ ഉത്തരവാദിത്തമാണ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സെക്രട്ടറിമാർക്ക നിർവഹിക്കാനുള്ളതെന്ന് പരാമർശത്തിലെ കത്തിൽ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെടുന്നു. വിനോദ സഞ്ചാര വകുപ്പിന്റെ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഫലപ്രദമായി ക്രോഡീകരിക്കുന്നതിലും ഇവരുടെ പങ്ക നിർണായകമാണ്. ഈ സാഹചര്യത്തിൽ കരാർ വ്യവസ്ഥയിൽ നിയമിതരാവുന്ന ഡി. ടി. പി. സി. സെക്രട്ടറിമാരുടെ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവും പ്രതിഫലവും മറ്റും കാലോചിതമായി പരിഷ്കരിക്കാനുള്ള വിശദ ശുപാർശയും കത്തിനൊപ്പം വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു.

File No.TOUR-A4/72/2021-TOUR

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സെക്രട്ടറിമാരുടെ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവും തിരഞ്ഞെടുപ്പ് രീതി, നിയമന നടപടിക്രമങ്ങൾ, വേതനം ഇടങ്ങിയവ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുംവിധത്തിൽ സമഗ്രമായി പരിഷ്കരിച്ചും അടിയന്തിരമായി പ്രാബല്യത്തിൽ വരുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വേണു വി ഐഎഎസ്

അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം - 695 033

ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ചെയർമാൻ കൂടിയായ എല്ലാ ജില്ലാ കലക്ടർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം -695 001

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ് II) കേരളം, തിരുവനന്തപുരം -695 001

ഡയറക്ടർ, ട്രഷറി വകുപ്പ്, കൃഷ്ണ ബിൽഡിങ്, സംഗീത കോളജിന് എതിർവശം, തൈക്കാട്, തിരുവനന്തപുരം - 695 014

വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

ഓഫീസ് കോപ്പി/കരുതൽ ഫയൽ(നമ്പർ: ടൂർ എ4/72/2021 – ടൂർ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No. TOUR-A4/72/2021-TOUR

അനുബന്ധം:

## Criteria for selection of Secretaries in District Tourism Promotion Councils (DTPC):

*I. Preface:*

Considering the immense potential of tourism sector, Government have declared Tourism as an industry in the year 1986 vide G. O. (P) No. 224/1986/GAD dated 11.07.1986 aiming to develop tourism in the State. Government have taken all possible steps to increase the inflow of tourists to the State. Being an economic activity, tourism can bring the revenue and generate employment to a bigger extent. At the same time Government also understood that the spots of tourist interest available in the State should be developed and maintained in such a way so as to give a memorable experience to the visitors. Since then, Government through Department of Tourism used to explore development of tourism centres/destinations in the State. But after development, maintenance or upkeep of such developed destinations were not possible with a typical departmental set up. Generation of revenue from a developed tourism centre is to be used for the upkeep of such tourist destination. As the department has limitations in achieving this, a professional management with autonomy in functioning was deemed necessary for the upkeep and timely maintenance of the tourism centres to appeal to the visitors.

After due consideration of all such facts, Government constituted District Tourism Promotion Councils (DTPC) in all districts for effective management of the destinations and their upkeep in a professional manner. The DTPCs were also intended to explore new destinations and new products for attracting tourists. DTPCs are expected to generate income from such projects and to meet expenditure with regard to maintenance of the same. In short, Government envisaged a self sustainable model of tourism development through DTPCs.

District Tourism Promotion Councils were established vide G. O. (P) No. 254/1988/GAD dated 28.07.1988 and they were registered under the Travancore-Cochin Literary, Scientific and Charitable Societies Registration Act of 1955 (Act 12 of 1955)/The Societies Registration Act, 1860 (Central Act 21 of 1860). The DTPCs are governed by their Memorandum of Association and Rules and Regulations resolved for the purpose.

*II. Prevailing method for appointment of Secretary, DTPC:*

Government have prescribed the mode of selection along with qualifications required for appointment of Secretaries in District Tourism Promotion Counicls. Guidelines laid down in G. O. (P) No. 254/1988/GAD dated 28.07.1988 have been subsequently modified/amended vide G. O. (Ms.) No. 5/2005/GAD dated 03.01.2005, G. O. (Rt.) No. 8170/2006/TSM dated 19.10.2006, G. O. (Ms.) No. 23/2010/TSM dated 03.02.2010, G. O. (Ms.) No. No. 226/2014/TSM dated 14.08.2014 etc.

In supersession of all existing guidelines/orders prevailing in this regard, fresh guidelines on qualfication and method of appointment of Secretaries in DTPC was notified vide G. O. (Rt.) No. 461/2016/TSM dated 26.12.2016. Subsequent amendments/modifications were issued vide G. O. (Rt.) No. 417/2018/TSM dated 11.09.2018, G. O. (Rt.) No. 22/2019/TSM dated 17.01.2019 and G. O. (Rt.) No. 76/2019/TSM dated 21.02.2019. The Remuneration to DTPC Secretaries appointed on contract basis too was fixed at Rs. 50,000/- (Rupees Fifty Thousand Only) per month, as per G. O. (Rt.) No. 91/2017/TSM dated 18.02.2017.

*III. Revised guidelines/criteria for selection and appointment of Secretary, DTPC:*

Superceding all prevailing orders with regard to the qualification, experience, method of selection and mode of appointment to the post of Secretary, DTPC, the following guidelines are brought into force, with immediate effect:

**1. Duties and Responsibilities to be assigned to DTPC Secretaries.**

The scope of responsibilities of Secretaries are already assigned in the Memorandum of Association of DTPCs. In addition to the normal duties as Secretary of DTPCs, the following additional duties and responsibilities are also assigned to them:

1. The Secretary should be well versed with the current global trends in Tourism sector.
2. The Secretary should prepare a 3 year road map for the development of tourism sector in the District concerned.
3. The projects to be included in the road map (on yearly basis) may be specifically indicated in the road map.
4. The project cost, tenure of completion, source of fund(whether own fund or otherwise) should be clearly mentioned in the road map.
5. The Secretary will prepare a project estimation of the entire activities of the Council. The approved budget of DTPCs for each financial year should be finalised before 28th February of every year.
6. Approved budget proposals for DTPCs should be send to the Director of Tourism for scrutiny during first week of March itself.
7. The DTPC Secretary should consult the District Officer of Department of Tourism before conceiving/implementing projects to avoid repetition or overlapping with ongoing projects of Department of Tourism.
8. Every expenditure related to new projects, for maintenance or for any other component should be clearly incorporated/earmarked in the budget.
9. The DTPC Secretary should ensure that annual expenditure is limited to budget provisions, with respect to every component sanctioned therein.
10. Ensure that directions from Government are strictly followed by DTPC, from time to time. The Secretary should act in consonance with those directions. The Secretary will place all such directions/orders from Government before the Executive Committee in order to avert omissions or isnstances of Executive Committee taking decisions contravening orders and directions from the Government.

**2. Qualifications, experience for appointment to the post the Secretary, DTPC:**

Appointments to the post of Secretary, DTPC will be carried out from open market, on contract basis, strictly observing reservation norms applicable.

***Educational Qualifications:***

a. MBA in Tourism Management/Tourism and Travel *OR*
b. Masters in Tourism Administration (MTA) *OR*
c. Masters in Tourism Management *OR*
d. MA in Travel and Tourism

***Experience:***

Minimum 5 Years post qualification experience out of which 3 years experience should be in managerial capacity.

**3. Age Limit:**

The upper age limit will be 45 years. Relaxation in age may be granted to eligible categories as per government norms.

**4. Compensation package:**

Selected candidates will be offered a consolidated salary of Rs. 60,000/- per month.

**5. Selection Procedure:**

The Director, Department of Tourism will invite separate applications to the post of Secretary, DTPC in each District.

The advertisement will be released in two Malayalam dailies and two English dailies in addition to Government Gazette/Website etc.

**6. Written Test & Interview:**

Eligible candidates will be called for a written test, involving KITTS/LBS for short-listing of candidates for further selection process.

After written test a panel of 10 candidates may be shortlisted for interview for each district on the basis of performance in written test.

The short listed candidates will be called for an interview ahead of final selection. The interview will comprise of face to face interaction with the interview board.

Marks for performance in written test and interview will be awarded in the ratio 60:40.

**7. Interview Board:**

Board for the conduct of interview will comprise of two nominees decided by Government, in addition to other experts.

**8. Term of contract appointment:**

The term of contract appointment initially will be for a period of 3 years but likely to be extend up to 5 years, solely based on satisfactory performance/appraisal of the incumbent.

The first year of contract will be purely on probationary basis. If the performance of incumbent is found unsatisfactory, the contract will be terminated at the end of first year itself. The contract will be liable to be terminated by the Government also on account of misconduct or indulging in activities affecting the moral turpitude of the candidate.

**9. Bond:**

The selected candidate will execute a bond in Rs. 200/- stamp paper assuring that she/he will serve the DTPC for a minimum period of 3 years. Premature termination of bond by the candidate will be allowed on forfeiting one month's remuneration of the candidate.

**10. Training:**

Those who are selected for appointment to the post of Secretary, DTPC will have to undergo a 10 day long induction training in a reputed firm. The training curriculam will include all the relevant subjects related to the day to day activities of Secretary, DTPCs.

*Government reserves the right to amend/modify the qualifications, experience, mode of appointment etc to the post of Secretary, DTPC and its remuneration, as and when it deems fit.*

സെക്ഷൻ ഓഫീസർ

അനുബന്ധം

"ഭരണഭാഷ - മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വിനോദ സഞ്ചാര വകുപ്പ് - ജീവനക്കാര്യം - ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ (ഡി. ടി. പി. സി.) സെക്രട്ടറിമാരുടെ നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, തിരഞ്ഞെടുപ്പ് രീതി, നിയമന നടപടിക്രമം, വേതനം തുടങ്ങിയവയുടെ പരിഷ്കരണം - വ്യവസ്ഥ ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

---

വിനോദ സഞ്ചാര (എ) വകുപ്പ്

സ.ഉ.(കൈ) നം.16/2021/ടൂറിസം　　　　തീയതി, തിരുവനന്തപുരം, 22/09/2021

---

പരാമർശം: 1. 18.08.2021ലെ സ. ഉ. (കൈ) 15/2021/ടൂറിസം നമ്പർ സർക്കാർ ഉത്തരവ്

2. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 03.09.2021ലെ ഇ1 - 8109/2021 നമ്പർ കത്ത്

<u>ഉത്തരവ്</u>

സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളിൽ കരാർ വ്യവസ്ഥയിൽ സെക്രട്ടറി നിയമനത്തിനുള്ള വ്യവസ്ഥകൾ പരാമർശത്തിലെ ഉത്തരവ് പ്രകാരം സമഗ്രമായി പരിഷ്കരിച്ചിരുന്നു. ജില്ലാടിസ്ഥാനത്തിലുള്ള ഡി. ടി. പി. സി. സെക്രട്ടറി നിയമനത്തിൽ സംവരണ വ്യവസ്ഥകൾ പാലിക്കണമെന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു.

ഓരോ ജില്ലയിലും ഓരോ ഡി. ടി. പി. സി. സെക്രട്ടറി തസ്തിക മാത്രമാണുള്ളത് എന്നതിനാൽ ജില്ല അടിസ്ഥാനത്തിൽ നിയമന പട്ടിക തയാറാക്കിയാൽ സംവരണ വ്യവസ്ഥകൾ പാലിക്കാനാവില്ലെന്നു പരാമർശത്തിലെ കത്തിൽ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഉത്തരവിൽ നിഷ്കർഷിക്കുംവിധം സംവരണ വ്യവസ്ഥകൾ പാലിക്കാനായി ഡി. ടി. പി. സി. സെക്രട്ടറി നിയമനത്തിനുള്ള അപേക്ഷ സംസ്ഥാനാടിസ്ഥാനത്തിൽ ക്ഷണിച്ച നടപടിക്കു സാധൂകരണം നൽകണമെന്നും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

ഡി. ടി. പി. സി. സെക്രട്ടറി നിയമനത്തിൽ സംവരണ വ്യവസ്ഥകൾ പാലിക്കാനായി പരാമർശത്തിലെ ഉത്തരവിന്റെ അനുബന്ധത്തിലെ അഞ്ചാം നിബന്ധന ചുവടെ ചേർക്കും വിധം ഭേദഗതി ചെയ്യും സംവരണതത്വം പാലിക്കാനായി ഡി. ടി. പി. സി. സെക്രട്ടറി നിയമനത്തിനുള്ള അപേക്ഷ സംസ്ഥാനാടിസ്ഥാനത്തിൽ ക്ഷണിച്ച വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിച്ചും ഇതിനാൽ ഉത്തരവാകുന്നു:

**<u>5. Selection procedure:</u>**

The Director, Department of Tourism will invite applications on Statewide basis to the post of Secretary, DTPC, observing all applicable reservation norms.

The advertisement will be released in two Malayalam dailies and two English dailies in addition to Government Gazette/website etc.

*Though the selected candidate may exercise an option to choose a district of preference during posting, they will not have any claim to get posted to a particular district.*

## File No.TOUR-A4/116/2021-TOUR

മുൻ ഖണ്ഡികയിലെ ഭേദഗതിയോടെ പരാമർശത്തിലെ ഉത്തരവും അനുബന്ധവും നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇ സഹീദ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്:
ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം - 695 033
ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ചെയർമാൻ കൂടിയായ എല്ലാ ജില്ലാ കലക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം - 695 001
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ് II) കേരളം, തിരുവനന്തപുരം - 695 001
ഡയറക്ടർ, ട്രഷറി വകുപ്പ്, കൃഷ്ണ ബിൽഡിങ്, സംഗീത കോളജിന് എതിർവശം, തൈക്കാട്, തിരുവനന്തപുരം - 695 014
വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ (നമ്പർ: ടൂർ എ4/116/2021 - ടൂർ)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ